# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 31 06.02.2013 -ലെ മറുപടി

**കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന രൂക്ഷമായ പ്രതിസന്ധിക്ക് പരിഹാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ :<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>" പി. റ്റി. എ. റഹീം :<br>" എസ്. രാജേന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഡീസൽ-പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രണം എടുത്തുകളഞ്ഞതുമൂലം സംസ്ഥാനത്ത് ഡീസലിന്റെയും പെട്രോളിന്റെയും വിലവർദ്ധനവ് ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഇത് കെ.എസ്.ആർ.ടി.സി.യെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 18.01.2013 മുതൽ വൻകിട ഉപഭോക്താവ് എന്ന നിലയിൽ കെ.എസ്.ആർ.ടി.സി. യ്ക്ക് വിപണി വിലയായ 60 രൂപ 25 പൈസക്ക് മാത്രമാണ് ഡീസൽ ലഭ്യമാക്കുന്നത്. ഇക്കാരണത്താൽ ഒരു ലിറ്റർ ഡീസലിന് 11 രൂപ 53 പൈസയുടെ വില വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാൽ ദിനം പ്രതി 47 ലക്ഷം രൂപയുടെയും പ്രതിമാസം 14 കോടി രൂപയുടെയും അധിക ചെലവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | വൻകിട ഉപഭോക്താക്കൾക്ക് ഡീസൽ വിലയുടെ സബ്സിഡി നിർത്തലാക്കാൻ കേന്ദ്രസർക്കാരും എണ്ണക്കമ്പനികളും തീരുമാനിച്ചതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന രൂക്ഷമായ പ്രതിസന്ധി തരണം ചെയ്യുന്നതിന് സർക്കാരും കെ.എസ്.ആർ.ടി.സി.യും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) | ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് താൽക്കാലികമായി രണ്ട് മാസത്തേക്ക് സർക്കാർ 28 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡീസൽ വില വർദ്ധനവ് മൂലം കെ.എസ്.ആർ.ടി.സി. യിലുണ്ടായ സാമ്പത്തിക പ്രതിസന്ധി കേന്ദ്ര സർക്കാരിന്റെ മുൻപിൽ അവതരിപ്പിച്ച് പരിഹാരം കാണുന്നതിനും കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പമ്പുകളിൽ നിന്നും മറ്റ് സ്വകാര്യ പമ്പുകളിൽ നിന്നും |

| | | | |
|---|---|---|---|
| ~ | | | കെ.എസ്.ആർ.ടി.സി ബസുകൾ ഡീസൽ വാങ്ങുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ശുപാർശകൾ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | വർദ്ധിപ്പിച്ച ഡീസൽ വില പിൻവലിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് എന്നാണ് നിവേദനം നൽകിയതെന്നും അതിന് എന്ത് മറുപടി ലഭിച്ചു എന്നും വ്യക്തമാക്കുമോ; | (സി) | 19.01.2013 -ൽ ബഹു. പ്രധാന മന്ത്രിയ്ക്കും, ബഹു. കേന്ദ്ര പെട്രോളിയം -പ്രകൃതി വാതക വകുപ്പ് മന്ത്രിയ്ക്കും നിവേദനം നൽകിയിട്ടുണ്ട്. മറുപടി പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രതിസന്ധി താൽക്കാലികമായി പരിഹരിക്കുന്നതിന് കെ.എസ്. ആർ.ടി.സി.ക്ക് നൽകുന്ന ഡീസലിന്റെ നികുതി എടുത്തു കളയുവാനും കെ.എസ്.ആർ.ടി.സി.ക്ക് സർക്കാർ ധനസഹായം നൽകാനും ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | താൽക്കാലിക സഹായമായി രണ്ട് മാസത്തേയ്ക്ക് 28 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (ഇ) | ഡീസൽ വിലവർദ്ധനവ് പിൻവലിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് ഒരു അഖിലകക്ഷി നിവേദക സംഘത്തെ അയയ്ക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഇ) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ